RR 8 **9752**

## ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
**( ഹാജർ: ഡോ. കെ.എം. രാമാനന്ദൻ. ഐ.എ.എസ്. )**
**( പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ. തിരുവനന്തപുരം 33 )**

**എൽ ആർ. (എ) 3- 45360 / 2005** തീയതി - 08-04-2008.

വിഷയം: കേരള മുദ്രപത്ര നിയമം - 54 ( 1 ) പ്രകാരം കടുത്തുരുത്തി സബ് രജിസ്ട്രാറാഫീസിലെ പി 2 / 05 നമ്പർ ബന്ധവസ്തുധാരത്തിന്മേലുള്ള കോട്ടയം ജില്ലാ രജിസ്ട്രാർ ( ജനറൽ ) ന്റെ ഉത്തരവിനെതിരായ ശ്രീമതി. ശോഭാ മാത്യൂ സമർപ്പിച്ച അപ്പീൽ പരാതി- ഉത്തരവായി

സൂചന: 05-10-2005 ലെ ശ്രീമതി ശോഭാ മാത്യൂവിന്റെ അപേക്ഷ.

കടുത്തുരുത്തി സബ് രജിസ്ട്രാറാഫീസിലെ പി 2 / 05 നമ്പർ ബന്ധവസ്തുധാരത്തിന് 7,500/- രൂപ മുദ്ര സലയും , 250/- രൂപ പിഴയും അടയ്ക്കണമെന്ന കോട്ടയം ജില്ലാ രജിസ്ട്രാറുടെ 12-08-2005 ലെ ( ജി ) 1 - 2467/05 നമ്പർ ഉത്തരവിനെതിരെ സമർപ്പിച്ചിട്ടുള്ളതാണ് പ്രസ്തുത അപ്പീൽ ഹർജി.

31-03-2005 തീയതി എഴുതി ഒപ്പിട്ട് 21-05-2005 ൽ കടുത്തുരുത്തി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രേഷനു ഹാജരാക്കിയ 1,25,000/- രൂപ പ്രതിഫലമുള്ള ഒരു ഭാഗാധാരമാണ് പ്രസ്തുത വിഷയമായ ബന്ധവസ്തുധാരമെന്നും, 1959 ലെ കേരള മുദ്രപ്പത്ര നിയമം 17 -ാം വകുപ്പനുസരിച്ച് ആധാരം എഴുതിക്കൊടുക്കുന്ന സമയത്തോ, എഴുതിക്കൊടുക്കുന്നതിന് മുമ്പോ മുദ്രപതിപ്പിക്കേണ്ടതാണെന്നും, 31-03-2005 ന് ആണ് ബന്ധവസ്തുധാരം ഒപ്പിട്ടിട്ടുള്ളതെന്നും , 31-03-2005 നിലവിലുണ്ടായിരുന്ന നിരക്കിൽ ( 4 % ) 5,000/- രൂപ മുദ്ര വില ചുമത്തിയിട്ടുള്ളതിനാലും , ആധാരം രജിസ്ട്രേഷൻ നിയമം 23 -ാം വകുപ്പ് അനുശാസിക്കുന്ന സമയ പരിധിയിൽ രജിസ്ട്രേഷന് ഹാജരാക്കിയിട്ടുള്ളതിനാലും, കടുത്തുരുത്തി സബ് രജിസ്ട്രാർ ഓഫീസിലെ പി 2 / 05 നമ്പർ ബന്ധവസ്തുധാരം ശരിയായ മുദ്ര വില ചുമത്തിയിട്ടുള്ള ആധാരമാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു.

എന്നാൽ ഇത് സംബന്ധിച്ച കോട്ടയം ജില്ലാ രജിസ്ട്രാർ ജനറലിന്റെ ഉത്തരവിൽ 1960 ലെ കേരള ആധാരമെഴുത്ത് ലൈസൻസ് റൂൾ 20 പ്രകാരം ബന്ധപ്പെട്ട ആധാരമെഴുത്ത് ലൈസൻസിയുടെ രജിസ്റ്ററും രസീതു ബുക്കും പരിശോധിച്ചതിൽ ബന്ധവസ്തുധാരം സംബന്ധിച്ച പതിവുകൾ ചേർത്തിട്ടുള്ളത് 06-04-2005 ൽ ആണെന്നും ഈ സാഹചര്യത്തിൽ മുദ്രപ്പത്രം 31-03-2005 ൽ വാങ്ങിയതാണെങ്കിലും 06-04-2005 ൽ ബന്ധപ്പെട്ട ആധാരമെഴുത്ത് ലൈസൻസിയുടെ രജിസ്റ്ററിൽ ബന്ധവസ്തുധാരം സംബന്ധിച്ച പതിവ് ചേർത്തിട്ടുള്ളതിനാൽ ആധാരം തയ്യാറാക്കിയ തീയതി 31-03-2005 ൽ ആണെന്ന് ഉത്തമ ബോദ്ധ്യം വന്നിട്ടില്ലായെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ടി വിഷയത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിൽ നിന്നും സ്പഷ്ടീകരണം ആരാഞ്ഞതിൽ " അഡ്മിനിസ്ട്രേറ്റീവ് ഗൈഡ് ലൈൻ റ്റു ക്ലാസ്സിഫിക്കേഷൻ ഓഫ് ഡോക്കുമെന്റ്സ് അണ്ടർ സ്റ്റാമ്പ് ലാ " യിൽ പ്രിൻസിപ്പിൽ ആപ്ലിക്കബിൾ ടു സ്റ്റാമ്പ് ലോ..

സംബന്ധിച്ച്" കരണത്തിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികളുടെ അടിസ്ഥാനത്തിൽ മാത്രമേ മുദ്ര വില നിർണ്ണയിയ്ക്കുവാൻ കഴിയുകയുള്ളൂയെന്ന് പ്രതിപാദിച്ചിട്ടുള്ളതായും, ആയതിനാൽ ആധാരമെഴുത്ത് ലൈസൻസിയുടെ രസീതിയിലെയോ, രജിസ്റ്ററിലെയോ വിവരം ടി കരണത്തിന്റെ മുദ്രവില തിട്ടപ്പെടുത്തുന്നതിന് മാനദണ്ഡമാക്കുവാൻ കഴിയുകയില്ലെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കേരള മുദ്രപത്ര നിയമം 17 -ാം വകുപ്പനുസരിച്ച് ആധാരം എഴുതിക്കൊടുക്കുന്ന സമയത്തോ, എഴുതിക്കൊടുക്കുന്നതിന് മുമ്പോ മുദ്ര പതിപ്പിയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 31-03-2005 ൽ എഴുതി ഒപ്പിട്ട ആധാരത്തിന് അന്ന് നിലവിലുണ്ടായിരുന്ന മുദ്രവില അടച്ചിട്ടുള്ളതായി കാണുന്നതിനാലും, "അഡ്മിനിസ്ട്രേറ്റീവ് ഗൈഡ് ലൈൻ റ്റു ക്ലാസ്സിഫിക്കേഷൻ ഓഫ് ഡോക്കുമെന്റ്സ് അണ്ടർ സ്റ്റാമ്പ് ലാ." യിൽ കരണത്തിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികളുടെ [illegible] കഴിയുകയുള്ളൂയെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും, രജിസ്ട്രേഷൻ നിയമം 23 -ാം വകുപ്പ് അനുശാസിയ്ക്കുന്ന സമയ പരിധിയിൽ രജിസ്ട്രേഷന് ഹാജരാക്കിയിട്ടുള്ളതിനാലും, കടുത്തുരുത്തി സബ് രജിസ്ട്രാർ ഓഫീസിലെ പി 2 / 05 നമ്പർ ബന്ധവസ്സ്വാധാരം ശരിയായ മുദ്ര വില ചുമത്തിയിട്ടുള്ള ആധാരമാണെന്ന് കരുതാം.

ഉത്തരവ്

29-03-2008 ൽ അപ്പീൽ ഹർജിക്കാരൻ വിചാരണയ്ക്ക് ഹാജരായില്ല. അപ്പീൽ ഹർജിക്കാരന്റെ അസാന്നിദ്ധ്യത്തിൽ തീരുമാനമെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. അപ്പീൽ പരാതിയും, ബന്ധവസ്സ്വാധാരവും ബന്ധപ്പെട്ട റിപ്പോർട്ടുകളും പരിശോധിച്ചതിൽ ബന്ധവസ്സ് ആധാരം 30-03-2005 ൽ എഴുതി ഒപ്പിട്ടിട്ടുള്ളതായി കാണുന്നു. അന്ന് നിലവിലുള്ള നിരക്കിൽ മുദ്ര വില ചുമത്തിയിട്ടുള്ളതായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ബന്ധവസ്സ്വാധാരം ശരിയായ മുദ്രവില പതിപ്പിച്ചിട്ടുള്ളതാണെന്ന് ഉത്തരവാകുന്നു.

ഒപ്പ്
കമ്മീഷണർ

ശ്രീമതി ശോശാമ്മ മാത്യു,
തറയിൽ വീട്,
ചിറ്റൂർമുറി, പത്തനംതിട്ട പി. ഒ.,
പത്തനംതിട്ട.

പകർപ്പ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്